**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1709** **13-02-2025 - ൽ മറുപടിയ്ക്ക്**

**സർവകലാശാലകളുടെ പ്രവർത്തനങ്ങളിൽ ആധുനിക സാങ്കേതികവിദ്യ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പ്രമോദ് നാരായൺ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ശ്രീ. ജോബ് മൈക്കിൾ,<br>ഡോ. എൻ. ജയരാജ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വിവിധ സർവകലാശാലകളിൽ ഉന്നതവിദ്യാഭ്യാസത്തിന് പ്രവേശനം നേടുന്ന വിദ്യാർത്ഥികളെ സംബന്ധിച്ച സമഗ്രവിവരങ്ങൾ സാങ്കേതികവിദ്യയുടെ സഹായത്തോടെ ശേഖരിക്കുന്നതിന് നിലവിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ; | (എ) | ഉന്നത വിദ്യാഭ്യാസത്തിന് പ്രവേശനം നേടുന്ന വിദ്യാർത്ഥികളെ സംബന്ധിച്ച് സമഗ്ര വിവരങ്ങൾ സാങ്കേതികവിദ്യയുടെ സഹായത്തോടെ ശേഖരിക്കുന്നതിനുള്ള സൗകര്യം ലഭ്യമാണ്. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എൻറോൾ ചെയ്യുന്ന വിദ്യാർത്ഥികളുടെ വിവരശേഖരണത്തിനായി ആൾ ഇന്ത്യ സർവ്വേ ഓൺ ഹയർ എഡ്യൂക്കേഷൻ (AISHE) പോർട്ടൽ പ്രയോജനപ്പെടുത്തുന്നുണ്ട്. സർവ്വകലാശാലാ പ്രവർത്തനങ്ങളിൽ ആധുനിക സാങ്കേതിക വിദ്യാ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി K-REAP എന്ന പദ്ധതി സർക്കാർ ആസൂത്രണം ചെയ്തു നടപ്പിലാക്കിവരുന്നു. K-REAP ന്റെ ഭാഗമായി വിദ്യാർത്ഥി പ്രവേശനം മുതൽ പരീക്ഷാ ഫലപ്രഖ്യാപനവും സർട്ടിഫിക്കറ്റ് വിതരണവും വരെയുള്ള മുഴുവൻ വിദ്യാർത്ഥി പഠന പ്രക്രിയകളും ഈ സംവിധാനത്തിലൂടെ ചിട്ടപ്പെടുത്തുവാൻ കഴിയും. 2024 - 25 അദ്ധ്യയന വർഷം മുതൽ കണ്ണൂർ സർവകലാശാലയിൽ ടി പദ്ധതി നടപ്പിലാക്കി വരുന്നു. കാലടി ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, മലയാളം സർവകലാശാല എന്നി സർവ്വകലാശാലകളിൽ K-REAP പദ്ധതി പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള എല്ലാ സർവ്വകലാശാലകളും പദ്ധതിയുടെ ഭാഗമാകുന്നതാണ്. |
| (ബി) | വിദ്യാർത്ഥികൾക്ക് ആധാർ അധിഷ്ഠിത ഒറ്റത്തവണ രജിസ്ട്രേഷനും ലോഗിൻ ഐ.ഡി.യും ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (ബി) | പുതുതായി നിലവിൽ വന്നിട്ടുള്ള , ABC (Academic Bank of Credit) ID ഉപയോഗിച്ച് ഒറ്റത്തവണ ലോഗിൻ സൗകര്യം വിദ്യാർത്ഥികൾക്കായി ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സർവ്വകലാശാല തലത്തിൽ നടന്നുവരുന്നു. |

| | | | |
|---|---|---|---|
| (സി) | വിദ്യാർത്ഥികൾക്ക് ഏതൊരു കോഴ്സിനും ചേരുന്നതിനും സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിനും പ്രസ്തുത ലോഗിൻ ഐ.ഡി.യിലൂടെ അപേക്ഷിക്കുന്നതിനും അനുബന്ധ നടപടികൾ സ്വീകരിക്കുന്നതിനും സാധിക്കുന്ന വിധത്തിൽ ക്രമീകരണങ്ങൾ ഏർപ്പെടുത്തുമോ; വ്യക്തമാക്കുമോ? | (സി) | ബി-ൽ നൽകിയിരിക്കുന്നു. |

സെക്ഷൻ ഓഫീസർ